<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3949</u> <u>15/03/2017-ൽ മറുപടിക്ക്</u>

## <u>ഇന്ത്യനൂരിൽ സെക്ഷൻ ഓഫീസ്</u>

| | <u>ചോദ്യം</u><br><br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | <u>ഉത്തരം</u><br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭാ പ്രദേശത്ത് കോട്ടക്കൽ വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുവാനുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ), (ബി), (സി) & (ഡി) | നിലവിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചു കൊണ്ട് 24.2.2016 ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുകയുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതു കൊണ്ടാണ് ഇന്ത്യനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇവ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള സ്ഥലം/കെട്ടിടത്തിന്റെ ചെലവ് കൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ |
| (ബി) | പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | | |
| (സി) | സൗജന്യമായി സ്ഥലം ലഭ്യമല്ലാത്തതിനാൽ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ കഴിയുന്നില്ലെന്ന പ്രശ്നം വകുപ്പ് ഗൗരവമായി കണ്ട് പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുവാനുള്ള സ്ഥലം കണ്ടെത്തുവാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | | |

(...2)

| | | | | |
|---|---|---|---|---|
| | | | | വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള സ്ഥലം /കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇന്ത്യന്നൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ